# പള്ളികുദാശകാലം
## വചന വിചിന്തനം
### പള്ളികുദാശകാലം ഒന്നാം ഞായർ
മത്താ 16,13-19

> ക്രിസ്തീയജീവിതം ക്രിസ്തുവിനെ പറ്റിയുള്ള അറിവല്ല. മറിച്ച്, ക്രിസ്തുവിനെ അറിയലാണ്. ക്രിസ്തു നടത്തിയ ഈ പരീക്ഷയിൽ ശിമയോൻ പത്രോസിന് നൂറിൽ നൂറ് മാർക്കാണ്. കാരണം, ശിമയോൻ പത്രോസിന്റെ ഉത്തരം, "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്." എന്നാണ്.

ക്രിസ്തു കേസറിയാഫിലിപ്പിപ്രദേശത്ത് എത്തിയപ്പോൾ ശിഷ്യൻമാർക്ക് നടത്തുന്ന 'മിഡ്ടേം' പരീക്ഷയാണ് ഇന്നത്തെ വചനഭാഗം. ക്രിസ്തു തന്റെ ശിഷ്യൻമാരോട് ചോദിക്കുന്ന ഒന്നാമത്തെ ചോദ്യം ആർക്കും ഉത്തരം നൽകാൻ സാധിക്കുന്ന ഒന്നാണ്. കാരണം, അതിന് എന്ത് ഉത്തരം നൽകിയാലും ശരിയാണ് എന്നതുതന്നെ. ക്രിസ്തു ശിഷ്യൻമാരോട് ചോദിക്കുകയാണ്;

"മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?"

ഈ ചോദ്യത്തിന് ശിഷ്യൻമാർ വിഭിന്നങ്ങളായ ഉത്തരങ്ങളാണ് സമ്മാനിക്കുന്നത്. അവർ പറഞ്ഞു;

"ചിലർ സ്നാപകയോഹന്നാൻ എന്നും, മറ്റു ചിലർ ഏലിയാ എന്നും, വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു."

> പത്രോസിന് ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നു; "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്." ഇതുതന്നെയാണ് ക്രിസ്തു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും.

വിഭിന്നങ്ങളായ ഉത്തരങ്ങൾ ശിഷ്യൻമാരിൽനിന്നും വന്നപ്പോൾ കൂടുതൽ കൃത്യത വരുത്തുന്നതിനുവേണ്ടി ക്രിസ്തു 'മിഡ്ടേം' പരീക്ഷയിലെ രണ്ടാമത്തെ ചോദ്യം ചോദിച്ചു;

"ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?"

ഒന്നാമത്തെ ചോദ്യം പൊതുവിജ്ഞാനിയമാണെങ്കിൽ രണ്ടാമത്തെ വ്യക്തിപരമായ ചോദ്യമാണ്. ഈ ചോദ്യത്തിനുമുമ്പിൽ പിടിച്ച് നിൽക്കാൻ ശിഷ്യർക്ക് സാധിച്ചില്ല. നിശബ്ദതയും മ്ലാനതയുമായിരുന്നു ശിഷ്യൻമാരുടെ പ്രതികരണം. പക്ഷെ, ശിഷ്യപ്രമുഖനായ പത്രോസിന് ഇതിനും ഉത്തരമുണ്ട്. ശിമയോൻ പത്രോസ് പറഞ്ഞു;

"നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്."

ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചിട്ടുള്ളവർക്ക് മാത്രം സമ്മാനിക്കാൻ സാധിക്കുന്ന ഉത്തരമാണ്; "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്" എന്ന ശിമയോൻ പത്രോസിന്റെ മറുപടി. ഇന്ന്, ക്രിസ്തു നമ്മുടെ മുമ്പിൽ വന്ന് നമ്മുക്ക് ഒരു 'മിഡ്ടേം' പരീക്ഷ നടത്തുമ്പോൾ അതിലെ ഒന്നാമത്തെ ചോദ്യം, "ക്രിസ്തു എനിക്ക് ആരാണ്?"എന്നാണെങ്കൽ എന്തായിരിക്കും നമ്മുക്ക് പൂരിപ്പിക്കാനുള്ള ഉത്തരം? ഒറ്റചോദ്യം മാത്രമുള്ള ഈ പരീക്ഷയിൽ എനിക്ക് എത്ര മാർക്ക് ലഭിക്കും? സ്വർഗ്ഗം സ്വന്തമാക്കുന്നത് ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിയുന്നവർ മാത്രമാണ്. ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിയുന്നവർക്ക് മാത്രമാണ് ഈ ചോദ്യത്തിന് കൃത്യമായ ഉത്തരം സമ്മാനിക്കാൻ സാധിക്കുകയൊള്ളു. "അറിവിനെ" കുറിച്ച് കവി (ദേശമംഗലം രാമകൃഷ്ണൻ) കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്;

*"അറിഞ്ഞത് കൈയ്യളവ്; അറിയാത്തത് കടലളവ്.*
*പറയുവാനുണ്ടായിരുന്നു; കഴിയാതെ ചുണ്ടുകൾ നിന്നു.*
*എഴുതുവാനുണ്ടായിരുന്നു; കഴിയാതെ കൈവിരൽ നിന്നു."*

ക്രിസ്തുവിനെ കുറിച്ചുള്ള നമ്മുടെ അറിവ് കൈയ്യളവ് മാത്രമാണ്; ഒരുപക്ഷെ, അതിനേക്കാൾ താഴയെ വരികയൊള്ളൂ. എന്നാൽ, ക്രിസ്തുവിനെ കുറിച്ച് അറിയാനുള്ളത് കടലിനോളം വരും. ക്രിസ്തുവിനെ കുറിച്ചുള്ള അറിവിന്റെ ആഴവും വ്യാപ്തിയും വർദ്ധിക്കണമെങ്കിൽ ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിയാൻ ശ്രമിക്കണം. ഓരോ വ്യക്തിക്കുപുറകിലും മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെയും വിശുദ്ധരെയും തിരിച്ചറിയാൻ പഠിക്കണം.

വിശുദ്ധ കാമില്ലസ് ഒരിക്കൽ തന്റെ ആശുപത്രിയിലെ വാർഡുകളിലൂടെ വെറുതെ നടക്കുകയായിരുന്നു. അപ്പോൾ, ഒരു ദൃശ്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. മനസിന്റെ സമനില തെറ്റിയ ഒരു രോഗി തന്റെ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞുകളഞ്ഞ്, നഗ്നനായി നിന്നുകൊണ്ട് ചില ചേഷ്ടകൾ കാണിക്കുകയാണ്. ദൂരെ മാറി കൂട്ടംകൂടി നില്ക്കു നഴ്സുമാർ അതുകണ്ട് തമാശ പറഞ്ഞ് ചിരിക്കുന്നു. വിശുദ്ധ കാമില്ലസ് ഓടിച്ചെ് ആ രോഗിയെ നയത്തിൽ കൈയ്ക്ക് പിടിച്ച് കിടക്കയിൽ കൊണ്ടുപോയി കിടത്തി വസ്ത്രം ധരിപ്പിച്ചു. അതിനുശേഷം നഴ്സുമാരുടെ അരികിൽവന്ന് ഇപ്രകാരം പറഞ്ഞു;

"ആ വ്യക്തിയും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണ്. അവനിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്നുണ്ട്. അതിനാൽ അവനെ പരിഹസിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെയാണ് പരിഹസിക്കുന്നത്. നിങ്ങൾ ചെയ്തത് വലിയ പാപമാണ്."

ഇതുകേട്ട് പശ്ചാത്താപവിവശരായ ആ സഹോദരിമാർ മാപ്പ് ചോദിച്ച് രോഗിയെ സ്നേഹത്തോടെ ശുശ്രൂഷിക്കാനാരംഭിച്ചു. പലപ്പോഴും നാം ചെയ്തുപോകു ഗുരുതരമായ തെറ്റുകളിൽ ഒന്നാണ് മറ്റുള്ളവരെ പരിഹസിക്കൽ. 'തമാശ' എന്ന ഓമനപ്പേരിട്ട് മറ്റുള്ളവരുടെ കുറവുകളുടെയും പരാജയങ്ങളുടെയും തെറ്റുകളുടെയും പേരിൽ പരിഹസിക്കുമ്പോൾ അപരന്റെ ഹൃദയം മുറിപ്പെടുത് നാം കാണാറില്ല. ആ ഹൃദയം മുറിപ്പെടുന്നതിനോടൊപ്പം ആ വ്യക്തിയുടെ പുറകിൽ മറിഞ്ഞിരിക്കുന്ന ക്രിസ്തുവാണ് മുറിപ്പെടുന്നതെന്ന് തിരിച്ചറിയാൻ പലപ്പോഴും നാം പരിശ്രമിക്കാറുമില്ല. മറ്റുള്ളവരുടെ മനസിനെ നൊമ്പരപ്പെടുത്തിക്കൊണ്ട് പറയുന്ന വസ്തുതകൾ യഥാർത്ഥത്തിൽ തമാശയല്ല, മറിച്ച് ക്രൂരതയാണെന്ന് നാം തിരിച്ചറിയാറുമില്ല. പരിഹാസികളുടെ പീഠങ്ങളിൽ ഇരിക്കാത്തവൻ ഭാഗ്യവാൻ എന്നാണ് ഒന്നാം സങ്കീർത്തനത്തിൽ പറയുന്നത്. "നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുതും ഇല കൊഴിയാത്തതുമായ വൃക്ഷംപോലെയാണ് അവൻ; അവന്റെ പ്രവൃത്തികൾ സഫലമാകുന്നു" (സങ്കീ. 1:3).

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന് ക്രിസ്തുവിനെ വ്യക്തിപരമായി തിരിച്ചറിഞ്ഞവർ മറ്റുള്ളവരിൽ വസിക്കുന്ന ക്രിസ്തുവിനെയും തിരിച്ചറിയും. ജീവിതപങ്കാളിയെയും അവരുടെ കുടുംബക്കാരെയും പരിഹസിക്കുകയും മക്കളെയും മാതാപിതാക്കളെയും പരിഹാസപാത്രമാക്കുകയും ചെയ്യുന്നവർ കുടുംബജീവിതം തകർക്കുകയാണ്. അനേകരുടെ സൽപ്പേര്, ആത്മാഭിമാനം, ആത്മധൈര്യം എന്നിവ നശിപ്പിച്ചുകളയുന്നവർ സഹോദരങ്ങളിൽ വസിക്കുന്ന ക്രിസ്തുവിനെ തിരിച്ചറിയാത്തവരാണ്. ഈ തിന്മ തന്നെയാണ് പലരുടെയും ആത്മീയ വളർച്ചയെ തടസപ്പെടുത്തുന്ന ഘടകങ്ങളിലൊന്ന്. പരിഹാസത്തിന്റെ വേരുകൾ അഹങ്കാരവും വെറുപ്പുമാണ്. നമ്മുടെ അധ്വാനങ്ങൾ വ്യർത്ഥമായിപ്പോകാതെ ഫലം ചൂടുവാൻ, ജീവിതം അനുഗൃഹീതമായിത്തീരാൻ, പരിഹാസികളുടെ പീഠങ്ങൾ ഉപേക്ഷിക്കണം.

ഞാൻ നിനക്ക് ആരാണ് എന്നുള്ള ചോദ്യത്തിന് മറ്റു ശിഷ്യൻമാർ തോറ്റ് പോകുമ്പോൾ

*പൊതുചോദ്യം; "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" വ്യക്തിപരമായ ചോദ്യം; "ഞാൻ ആരെന്നാണ് നീ പറയുന്നത്?" ആദ്യചോദ്യത്തിന് ഉത്തരം പറയാൻ മത്സരിക്കുന്നവർ രണ്ടാമത്തെ ചോദ്യത്തിന് നിശബ്ദരാകുന്നു!*

പരീക്ഷയിൽ ജയിക്കുന്നത് ശിമയോൻ പത്രോസ് മാത്രമാണ്. അവൻ പറയുന്നു, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന്. ശരിയുത്തരം പറഞ്ഞ ശിമയോൻ പത്രോസിന് നൂറിൽ നൂറ് മാർക്ക് നൽകുന്നതിനോടൊപ്പം ബോണസ് മാർക്കും സമ്മാനവും നൽകുന്നുണ്ട് ക്രിസ്തു;

"ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,18).

ശരിയുത്തരം പറഞ്ഞ ശിമയോൻ പത്രോസിനെ സഭയുടെ തലവനായി ക്രിസ്തു ഉയർത്തുകയാണ്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്...." എന്ന ശരിയുത്തരം പറഞ്ഞ ശിമയോനോട് ക്രിസ്തു പറയുന്നത് "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും....." ഈതൊരു മറുപടിയാണ്. യഹൂദൻമാരുടെ വിശ്വാസം, ജറുസലേം ദേവാലയം സ്ഥിതി ചെയ്യുന്നത് ലോകത്തിന്റെ കേന്ദ്രമായ പാറമേലാണ് എന്നതാണ്. ഇതിനു സമാനമായാണ് സഭയുടെ കേന്ദ്രശിലയായി പത്രോസിനെ നിയമിക്കുന്നത്. പാറമേൽ പണിയപ്പെട്ട ജറുസലേം ദേവാലയത്തിന് പകരം പത്രോസാകുന്ന പാറമേൽ പണിയപ്പെടുന്ന സഭയാണ് പ്രസക്തമെന്ന് ക്രിസ്തുതന്നെ സാക്ഷ്യപ്പെടുത്തുകയാണിവിടെ.

ആൾക്കൂട്ടത്തിന്റെ ബഹളത്തിൽനിന്നും സ്വന്തമായ മിശിഹാ അനുഭവം സ്വന്തമാക്കിയിരുന്നത് പത്രോസ് മാത്രമായിരുന്നു. അതുകൊണ്ടുമാത്രം പരീക്ഷയിൽ അവൻ മാത്രം ജയിച്ചു!

***"പരമമായ ശക്തി ദൈവത്തിന്റേതാണ്,
ഞങ്ങളുടേതല്ല എന്നു വെളിപ്പെടുത്തുന്നതിന്
ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്."***
2കോറി 4,7

---

ഫാ. ജോബി മേനോത്ത്
+91 9447777931